Malappuram District Police

## 21/11/2017 പോത്തുകല്ല്

പ്രായപൂർത്തിയാകാത്ത വിദ്യാർഥികൾക്ക് മദ്യം വിൽപന നടത്തിയതിന് ബവ്റിജസ് മദ്യശാലയിലെ ജീവനക്കാർക്കെതിരെ പോലീസ് കേസെടുത്തു. നിലമ്പൂർ ബവ്റിജസ് മദ്യവിൽപനശാലയിലെ ജീവനക്കാർക്കെതിരെയാണ് പോത്തുകല്ല് പോലീസ് കേസെടുത്തത്. ഞെട്ടിക്കുളത്ത് വാഹന പരിശോധന നടത്തുന്നതിനിടയിൽ ബൈക്ക് ഓടിച്ചെത്തിയ നാല് വിദ്യാർഥികളെ എസ്ഐ കെ.ദിജേഷ് കൃഷ്ണയുടെ നേതൃത്വത്തിൽ പോലീസ് പിടികൂടുകയായിരുന്നു.

മദ്യപിച്ചിട്ടുണ്ടെന്ന ബോധ്യമായതിനെ തുടർന്ന് ചോദ്യം ചെയ്തപ്പോഴാണ് മദ്യവിൽപനശാലയിൽനിന്നു നേരിട്ടു പോയി മദ്യം വാങ്ങിയതാണന്ന് വിവരം ലഭിച്ചത്. ലൈസൻസില്ലാത്ത വിദ്യാർഥികൾക്ക് ബൈക്ക് ഓടിക്കാൻ നൽകിയതിന് രക്ഷിതാക്കളുടെ പേരിലും കേസെടുത്തിട്ടുണ്ട്.